₹ 5/-

# റിയൽ ലൈഫ് വോയ്സ്

# R E A L   L I F E   V O I C E

Monthly

Volume 8
Issue 9

**March 2020**

pages 24

"പിന്നെ അവൻ പതിവുപോലെ ഒലിവ്മലെക്കു പുറപ്പെട്ടുപോയി; ശിഷ്യന്മാരും അവനെ അനുഗമിച്ചു. ആ സ്ഥലത്ത് എത്തിയപ്പോൾ അവൻ അവരോടു: നിങ്ങൾ പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ പ്രാർത്ഥിപ്പിൻ എന്നു പറഞ്ഞു"

**(ലൂക്കൊസ് 22:39,40)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

**Volume 8** **Issue 9** **March 2020** **pages 24** **Rs.5/-**



**Editor:**
Sebastian M.V.
Ph: 95 44 557 557



**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക്
വരിസംഖ്യയോ
സംഭാവനയോ
Sebastian M.V.
എന്ന പേരിൽ ക്രോസ്സ്ഡ്
ചെക്ക് ആയി അയയ്ക്കാം.
ദയവായി മണിഓർഡർ
(MO) അയയ്ക്കരുത്.

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394




**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**


**Book No. 99**

## ഉള്ളടക്കം


| | പേജ് |
|---|---|
| • സജിത്ജോസഫിന്റെ... | 3 |
| • പ്രതികരണങ്ങൾ | 6 |
| • മഹാഭാഗ്യം (19) | 8 |
| • പുതിയനിയമത്തിലൂടെ യാത്ര (4) | 11 |
| • പരിശുദ്ധാത്മാവ് (22) | 14 |
| • യോവേൽ (12) | 16 |
| • ചോദ്യവും ഉത്തരവും (22) | 18 |
| • ഇമ്മാനുവിന്റെ സംശയങ്ങൾ (30) | 20 |
| • നായയും പാമ്പും മനുഷ്യനും | 24 |


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**



## എഡിറ്റോറിയൽ

# സജിത് ജോസഫിന്റെ കണ്ടെത്തലുകൾ!

പെന്തക്കോസ്ത്പാസ്റ്ററായിരുന്ന സജിത്ജോസഫ് ഈയിടെ കത്തോലിക്കാസഭയിലേക്ക് മടങ്ങിപ്പോയത് പലരും അറിഞ്ഞുകാണുമല്ലോ. ഇന്ന് അദ്ദേഹം കത്തോലിക്കാസഭയെ വാതോരാതെ പുകഴ്ത്തി നടക്കുകയും കത്തോലിക്കാസഭയുടെ എല്ലാ ഉപദേശങ്ങളെയും അംഗീകരിക്കുകയും ചെയ്യുന്ന നിലയിലെത്തിയിരിക്കുന്നു. കത്തോലിക്കാസഭയിലേക്കുള്ള തന്റെ മടങ്ങിപ്പോക്കിനെ ശക്തിയായി ന്യായീകരിച്ചുകൊണ്ട് അദ്ദേഹം ലൈവ് അവതരിപ്പിക്കുകയുണ്ടായി. അവയിൽ ചിലതിന് മറുപടി പറയുകയാണ് ഇവിടെ.

**(1) ''എനിക്ക് 42 മണിക്കൂറുകൾ നീണ്ട ഒരു ഇടപെടൽ ഉണ്ടായി. ആ ദർശനത്തിൽ ഞാൻ ക്രൂശിതനായ യേശുവിനെയും മറ്റും കണ്ടു. ദൈവാത്മാവിന്റെ ആ ഇടപെടൽ നിമിത്തമാണ് ഞാൻ കത്തോലിക്കാസഭയിലേക്ക് മടങ്ങിപ്പോയത്.''**

എനിക്കു സന്തോഷമായി. ഞാൻ വല്ലാതെ വിഷമിച്ചിരിക്കുകയായിരുന്നു: ഈ പാസ്റ്റർക്ക് ഇതെന്തു പറ്റി എന്ന്! എന്താ അദ്ദേഹം കത്തോലിക്കാസഭയിലേക്ക് മടങ്ങിപ്പോയത് എന്ന്! ഇപ്പോഴാണ് അതിനു മറുപടി ലഭിച്ചത്. അതായത് 42 മണിക്കൂർ നീണ്ട ദർശനമായിരുന്നു കാരണം. അല്ലാതെ ബൈബിൾ വായിച്ചതുകൊണ്ടല്ല. ബൈബിളിൽനിന്നും മനസ്സിലാക്കിയിട്ടല്ല. വളരെ സന്തോഷം. ഇങ്ങനെ തുറന്നുപറയണം കാര്യങ്ങൾ. അപ്പോഴല്ലേ എന്നെപ്പോലുള്ള മണ്ടന്മാരുടെ തെറ്റിദ്ധാരണകൾ നീങ്ങുകയുള്ളൂ.

42 മണിക്കൂറുകൾ നീണ്ട ഇടപെടൽ എന്നു പറയുമ്പോൾ, ഒരു ദിവസം ആകെ 24 മണിക്കൂർ മാത്രമേ ഉള്ളൂ എന്ന നഗ്നസത്യവുമായി അത് യോജിപ്പിച്ച് ചിന്തിക്കുമ്പോൾ... അമ്പമ്പോ! ഒരു ഒന്നൊന്നര ഇട പെടൽ തന്നെയാണത്! രണ്ടു ദിവസത്തിനു വെറും 6 മണിക്കൂറിന്റെ കുറവ് മാത്രം! ലൈവിൽ സജിത് പറയുന്ന സൂസപാക്യംപിതാവിനും ആലഞ്ചേരിപിതാവിനും മറ്റു പിതാക്കന്മാർക്കൊന്നും ഇത്രേം നീണ്ട ദർശനം ഉണ്ടായിക്കാണില്ല. അപ്പോൾ സജിത് സഞ്ചരിക്കുന്നത് ഈ പിതാക്കന്മാരേക്കാളും മേലെയാണ്...അതുക്കും മീതെ..!

''രണ്ടു ദിവസം മുമ്പ് എനിക്ക് 44 മണിക്കൂർ നീണ്ട ഒരു ദർശനം ഉണ്ടായി. അതിൽ ദൈവാത്മാവ് എന്നോട് പറഞ്ഞു, സെബാസ്റ്റ്യൻ നീ കത്തോലിക്കാസഭയിലേക്ക് പോകരുത്.'' ഇങ്ങനെ ഞാൻ പറ ഞ്ഞാൽ അതിൽ എന്ത് ആധികാരികതയാണുള്ളത്? ഇങ്ങനെ ഓരോ രുത്തരും മണിക്കൂറുകൾ നീണ്ട ദർശനങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ തുടങ്ങിയാൽ എന്താകും സ്ഥിതി! അതുകൊണ്ട് ദർശ നങ്ങളുടെ പിന്നാലെ പോകാതെ ദൈവവചനമായ ബൈബിളിന്റെ പിന്നാലെ പോകൂ. ബൈബിൾ വായിച്ചിട്ട് അതു ശരിയെന്നു തോന്നി യാൽ, കത്തോലിക്കാസഭയിലേക്കു പോകൂ. ബൈബിൾ വായിച്ച് ശരി കണ്ടെത്തി അനുസരിക്കുന്നതാണ് ശരി. അതാണ് മാന്യത. അതാണ് ആധികാരികമായത്.

**(2) ''അച്ചന്മാർ ളോഹയിടുന്നതിനെ നാം വിമർശിക്കേണ്ടതില്ല. വെളിപ്പാട്പുസ്തകത്തിൽ ഈശോ നിലയങ്കി ധരിച്ചാണ് നിൽക്കു ന്നത്.''**

യേശു നിലയങ്കി ധരിച്ചതുകൊണ്ട് അച്ചന്മാർ ളോഹ ധരിക്കുന്നതിൽ പ്രശ്നമില്ല എന്നാണ് സുഹൃത്ത് വാദിക്കുന്നത്. സുഹൃത്തേ, ബൈബി ളിൽ ഈ അച്ചന്മാർ ഇല്ല! ബൈബിളിൽ കാണുന്നത് പുരോഹിതന്മാ രെയാണ്. ഈ പുരോഹിതന്മാർ തന്നെയല്ലേ അച്ചന്മാർ? അല്ല. ബൈബി ളിൽ പുതിയനിയമത്തിൽ കാണുന്ന പുരോഹിതന്മാർ ആരാണ് എന്നു പരിശോധിച്ചാൽ സംശയം തീരും. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവരും പുരോഹിതന്മാരാണെന്നു വചനം വ്യക്തമാ ക്കുന്നു (1 പത്രൊസ് 2:5; വെളിപ്പാട് 1:6). അപ്പോൾ യേശു നിലയങ്കി ധരിച്ചതുകൊണ്ട് പുരോഹിതന്മാർക്ക് നിലയങ്കി (ളോഹ) ധരിക്കാം എന്നു വാദിച്ചാൽ, സകല വിശ്വാസികളും അതു ധരിക്കേണ്ടി വരും. കാരണം സകല വിശ്വാസികളും പുരോഹിതന്മാരാണല്ലോ.

സജിതിന്റെ പുതിയ രോഗശാന്തിവീഡിയോകളിൽ കൊന്തയും കുരിശും ധരിച്ചുകൊണ്ടാണ് അദ്ദേഹം കാണപ്പെടുന്നത്. അല്ല, സജിതേ, യേശു ഈ കൊന്തയും കുരിശും ഒക്കെ ധരിച്ചിരുന്നുവോ? യേശുവിന്റെ കാര്യം വിടാം. പത്രോസ്, പൗലൊസ്, തോമാസ് തുടങ്ങിയ അപ്പൊസ്തലന്മാർ ഇവയൊക്കെ ധരിച്ചിരുന്നുവോ? ആൾക്കൂട്ടത്തിന്റെ മുമ്പാകെ ഷൈൻ ചെയ്യുക, കാശുണ്ടാക്കുക, പേരും പ്രശസ്തിയും ഉണ്ടാക്കുക ഇതാവരുത് നമ്മുടെ ലക്ഷ്യം എന്നു വിനയത്തോടെ താങ്കളെ ഞാൻ ഓർമ്മിപ്പിക്കുകയാണ്.

**(3) ''തിരുവോസ്തിയിലൂടെ അത്ഭുതം നടക്കും. യേശു പറഞ്ഞു: ഇത് എന്റെ ശരീരമാണ്. ഇതിൽ അയോഗ്യമായി പങ്കെടുത്താൽ ശിക്ഷാവിധിയുണ്ടെങ്കിൽ ഇതിൽ യോഗ്യമായി പങ്കെടുത്താൽ അനുഗ്രഹവുമുണ്ട്. അത്ഭുതം നടക്കും''**

കൊള്ളാം. 'ഡ്രൈവിംഗ് ലൈസൻസില്ലാതെ വാഹനം ഓടിച്ചാൽ ശിക്ഷയുണ്ട്' എന്ന വാചകത്തിന്റെ അടിസ്ഥാനത്തിൽ 'ഡ്രൈവിംഗ് ലൈസൻസ് കൈവശം വച്ച്കൊണ്ട് വാഹനം ഓടിച്ചാൽ പാരിതോഷികം ഉണ്ട്' എന്നു അർത്ഥം വരുമോ?

തിരുവോസ്തിയിൽ എന്ത് അത്ഭുതമാണ് ഉള്ളത്? ബൈബിളിൽ എവിടെയെങ്കിലും അതിനു തെളിവുണ്ടോ? ഇത് എന്റെ ശരീരമാണ് എന്നു കർത്താവ് പറഞ്ഞപ്പോൾ ആ അപ്പം കർത്താവിന്റെ ശരീരമായോ? എങ്കിൽ ഒരേ സമയം കർത്താവിന് രണ്ടു ശരീരമാകില്ലേ? പാനപാത്രം വേറെ ഇരിക്കുന്നതുകൊണ്ട്, ഓസ്തി എന്ന ശരീരം രക്തമില്ലാത്ത ശരീരമാകും, അല്ലേ? എന്തൊക്കെ വിവരക്കേടുകളാണ് ഇതെല്ലാം? ''നാം നുറുക്കുന്ന അപ്പം'' എന്നും, ''നാം എല്ലാവരും ആ ഒരേ അപ്പത്തിൽ അംശികളാകുന്നു'' എന്നും 1 കൊരിന്ത്യർ 10:16,17 ൽ പറഞ്ഞിരിക്കുന്നു. നുറുക്കുമ്പോഴും അത് അപ്പമാണ്, തിന്നുമ്പോഴും അത് അപ്പമാണ് എന്നല്ലേ ഇവിടെ വ്യക്തമാകുന്നത്?

തിരുവോസ്തിയിൽ അത്ഭുതം ഉണ്ടെങ്കിൽ സജിത് എന്തിനാണ് ഇത്ര കഷ്ടപ്പെട്ട് അത്ഭുതരോഗശാന്തി നടത്തുന്നത്? തിരുവോസ്തി കുറെശ്ശെ രോഗികൾക്ക് കൊടുത്താൽ പോരെ?

സജിതിന്റെ വീരവാദങ്ങൾ ഇനിയും ഏറെയുണ്ട്. ഏതായാലും അഭയം നൽകിയ കത്തോലിക്കാസഭയെ സജിത് വല്ലാതെ പുകഴ്ത്തി മറിക്കുന്നുണ്ട് - വാലാട്ടി നന്ദി പ്രകടിപ്പിക്കുന്ന ഒരു ജീവിയുണ്ടല്ലോ, അതുപോലെ!

**എം. വി. സെബാസ്റ്റ്യൻ**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ കത്തു മുഖേനയോ, sms ആയോ, email ആയോ whatsapp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കുകയുമാവാം. ഫോൺ: 95 44 557 557**

## K M Kurien, Nilambur, Malappuram

സമകാലീന മലയാള ക്രിസ്തീയ മാസികകളിൽ എല്ലാംകൊണ്ടും ഉന്നതസ്ഥാനത്ത് നിൽക്കുന്നതാണ് *റിയൽ ലൈഫ് വോയ്സ്*. കാരണങ്ങൾ:

(1) ഇതുവരെയും വചനവിരുദ്ധമായ ഒന്നും കാണാൻ കഴിഞ്ഞിട്ടില്ല. വചനത്തോട് കൂട്ടുകയോ വചനത്തിൽനിന്ന് കുറയ്ക്കുകയോ ചെയ്തിട്ടില്ല. ചോദ്യങ്ങൾക്ക് നേരെ കണ്ണടയ്ക്കുകയോ ഒഴിവാക്കുകയോ ചെയ്തിട്ടില്ല.

(2) മുൻകൂർജാമ്യം എടുക്കുന്നില്ല. ചില മാസികകളിൽ ലേഖനങ്ങളുടെ ഉത്തരവാദിത്വം മാസികയ്ക്കല്ല, ലേഖനകർത്താവിനാണ് എന്ന മുൻകൂർജാമ്യം കാണാറുണ്ട്. അതായത്, മാസിക നടത്തുന്നവർക്ക് യാതൊരു നിലപാടോ ഉപദേശസ്ഥിരതയോ ഇല്ല.

(3) തെണ്ടൽ ഇല്ല (അപേക്ഷ, അഭ്യർത്ഥന മുതലായവ) വരിസംഖ്യ, സാമ്പത്തികസഹായ അഭ്യർത്ഥന, ലേഖനങ്ങൾക്കുവേണ്ടിയുള്ള അഭ്യർത്ഥന മുതലായവ

(4) പ്രാർത്ഥന മൊത്തക്കച്ചവടം ഇല്ല. ഉദാഹരണം ചില മാസികകളിൽ പ്രാർത്ഥനാഗോപുരവും മറ്റും ഉണ്ടാക്കി നിങ്ങളുടെ പ്രാർത്ഥന ഞങ്ങളെ അറിയിച്ചാൽ ഞങ്ങൾ അത് സ്വർഗ്ഗത്തോട്ട് അയച്ചേക്കാം എന്നുള്ള പരസ്യങ്ങൾ

(5) സുവിശേഷവേലയ്ക്കായി പോകുക, പോകാൻ കഴിയാത്തവർ മറ്റുള്ളവരെ അയയ്ക്കുക, അയക്കുന്ന കാര്യം ഞങ്ങളേറ്റു, നിങ്ങൾ സാമ്പത്തികമായി സഹായിച്ചാൽ മതി എന്നിപ്രകാരമുള്ള ആഹ്വാനങ്ങൾ ചില മാസികകളിൽ കാണാറുണ്ട്. പക്ഷേ *റിയൽ ലൈഫ് വോയ്സിൽ* ഇവയൊന്നും ഇല്ല.

(6) ആരാധനാലയപ്പണി, ശവക്കോട്ട, വിധവാസംരക്ഷണം, നിർധനരായ പെൺകുട്ടികളുടെ വിവാഹം, രോഗികളുടെ ചികിത്സ മുതലായവയ്ക്ക് ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം തങ്ങളുടെ കേന്ദ്രങ്ങളിലും മറ്റു സഭകളിലും ആശ്രയിക്കാനും അപേക്ഷിക്കാനും പ്രേരിപ്പിക്കുന്ന രീതി.. ഈ വക ഗുലുമാലുകൾ ഒന്നും *റിയൽ ലൈഫ് വോയ്സിൽ* ഇതു വരെ കണ്ടില്ല. അതിനായി ദൈവത്തെ സ്തുതിക്കുന്നു.

## K S Abraham, Koovappara, Ernakulam

ചൈനയിൽ 10 ദിവസം കൊണ്ട് ആശുപത്രി പണിതു. കാരണം ചൈനയിൽ ഉദ്യോഗസ്ഥഭരണമല്ല. ഇച്ഛാശക്തിയുള്ള ഒരു സർക്കാർ അവിടെ ഉണ്ട്. ഇന്നാട്ടിലെ ദുരിതങ്ങളുടെ കാരണം ഇവിടത്തെ ഉദ്യോഗസ്ഥവേതാളങ്ങൾ തന്നെയാണ്. *റിയൽ ലൈഫ് വോയ്സ്* വായിക്കാൻ വളരെ ഇഷ്ടമാണ്. തുടർലേഖനങ്ങളെല്ലാം വളരെ നല്ലതാണ്.

## Aleyamma Cherian, Vengeri, Kozhikode

ഓരോ ലേഖനവും വായിക്കുമ്പോൾ കിട്ടുന്ന സന്തോഷവും തൃപ്തിയുമാണ് അഭിപ്രായരൂപത്തിൽ അറിയിക്കുന്നത്. ലേഖനങ്ങൾ എല്ലാം ഒന്നിനൊന്നു മെച്ചം. ഇതേ ഒഴുക്കിൽ യാതൊരു തടസ്സവുമില്ലാതെ മുന്നോട്ടു പോകാൻ ദൈവം സഹായിക്കട്ടെ. ദൈവം തരുന്ന ജ്ഞാനം, പരിജ്ഞാനം, വിവേകം ഇവയെല്ലാം ദൈവനാമമഹത്വത്തിനായിട്ട് ഉപയോഗിക്കാൻ സർവശക്തനായ ദൈവം കൃപ ചെയ്യട്ടെ എന്നു പ്രാർത്ഥിക്കുന്നു. എല്ലാ സത്യങ്ങളും തുറന്നെഴുതുവാൻ ദൈവം തരുന്ന ഉറപ്പിനായിട്ടും വിശ്വാസത്തിനായിട്ടും പ്രത്യാശയ്ക്കായിട്ടും ദൈവത്തെ സ്തുതിക്കുന്നു.

# ഒരു സഭാഹാളിന്റെ അവസ്ഥ

### പി വി സന്തോഷ്, വയനാട്

തെറ്റി നടക്കുന്ന അംഗങ്ങൾക്ക് ഒരു മുന്നറിയിപ്പ് ഉണ്ടാകട്ടെ എന്നു കരുതി, നശിച്ചുകൊണ്ടിരിക്കുന്ന ഒരു സഭയുടെ ചിത്രം വരയ്ക്കുവാൻ ഒരു ചിത്രകാരനോട് ആവശ്യപ്പെട്ടു. പഴകിപ്പൊളിഞ്ഞ ഒരു സഭാഹാളിൽ ഒരു ചെറിയ കൂട്ടം വിശ്വാസികൾ ഇരിക്കുന്നതാകും അദ്ദേഹം വരയ്ക്കുക എന്നു എല്ലാവരും പ്രതീക്ഷിച്ചു. പകരം വലിയ പുൾപിറ്റോടും ജനലുകളോടും കതകുകളോടും കൂടിയ സഭാഹാളിൽ 'പ്രേഷിതവൃത്തിക്ക്' എന്നെഴുതിയ കാണിക്കപ്പെട്ടിയുടെ ദ്വാരം വേട്ടാളൻ കൂടു കെട്ടി അടച്ചിരിക്കുന്നതാണ് ചിത്രകാരൻ വരച്ചത്.

സ്നേഹിതാ, നീ കാരണം ഒരു സഭ നശിക്കാൻ ഇടവരാതെ ഇരിക്കട്ടെ. "അവരെക്കുറിച്ചുള്ള ഈ വർത്തമാനം  യെരൂശലേമിലെ സഭയുടെ ചെവിയിൽ എത്തിയപ്പോൾ അവർ ബർന്നബാസിനെ അന്ത്യൊക്യയോളം പറഞ്ഞയച്ചു. അവൻ ചെന്നു ദൈവകൃപ കണ്ടു സന്തോഷിച്ചു." (അപ്പൊ. പ്രവൃ.11:22-26) ബർന്നബാസ് ഇന്ന് നമ്മുടെ സഭയിലേക്ക് വന്നാൽ സന്തോഷിക്കുമോ? ചിന്തിക്കുക.

# മഹാഭാഗ്യം! (19)

**റ്റി. ജോൺമാത്യു, മണ്ണുത്തി**

## ആത്മനിറവിന്റെ ആവശ്യം

ദൈവഹിതം കൃത്യമായി മനസ്സിലാക്കി പൂർണ്ണമായി അതിനു കീഴ്പ്പെടുന്നതിലൂടെ പ്രകടമാകുന്ന വിശ്വാസത്തിന്റെ ഫലമായി പരിശുദ്ധാത്മനിറവ് നമുക്കനുഭവപ്പെടും. ദൈവത്തിന്റെ ശക്തി നമ്മിൽ വ്യാപരിക്കുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകം ഈ സത്യം നിസ്തർക്കം തെളിയിക്കുന്നു; അതിനാൽ ആത്മനിറവിന്റെ അനുഭവത്തിൽ എപ്പോഴും ജീവിക്കാൻ നാം ശ്രദ്ധിക്കേണ്ടതാണ്.

ദാവീദ്രാജാവ് ദൈവാത്മാവിനാൽ നിറയപ്പെട്ട ഒരു വ്യക്തിയായിരുന്നു; തന്നിലൂടെ ദൈവത്തിന്റെ അളവറ്റ ശക്തി വ്യാപരിക്കുകയും ചെയ്തിരുന്നു (1 ശമുവേൽ 17-ാം അദ്ധ്യായത്തിൽ കാണുന്ന, ദാവീദ് ഗോല്യാത്തിനെ തോല്പിച്ചതിന്റെ വിവരണം നോക്കുക). എന്നാൽ ചില സന്ദർഭങ്ങളിൽ ആത്മനിറവിന്റെ അനുഭവം തനിക്കു നഷ്ടപ്പെട്ടതായി വചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വലിയൊരു തെറ്റു ചെയ്തതിനെക്കുറിച്ചുള്ള കുറ്റബോധം ഹൃദയത്തിൽ തോന്നിയ ഒരു അവസരത്തിൽ, "ദൈവമേ, നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായൊരു ആത്മാവിനെ എന്നിൽ പുതുക്കേണമേ" (സങ്കീ.51:10) എന്നു താൻ പ്രാർത്ഥിച്ചതായി നാം വായിക്കുന്നു.

പാപത്തിൽ വീണുപോയാൽ ആത്മനിറവിന്റെ അനുഭവം നഷ്ടമായിപ്പോകുമെന്നും ദൈവത്തിന്റെ അളവറ്റ ശക്തി നമ്മിൽ വ്യാപരിക്കുന്നത് നിന്നുപോകുമെന്നും ഇതിൽനിന്നും മനസ്സിലാക്കാം. അതിനാൽ നമ്മുടെ ജീവിതത്തിൽ തെറ്റുകൾ വരാതിരിക്കുവാൻ തക്കവണ്ണം നാം വളരെ ശ്രദ്ധിക്കേണ്ടതാണ്. "ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു" (സങ്കീ.119:11) എന്ന വാക്യം എപ്പോഴും നമ്മുടെ അനുഭവമായിരിക്കണം. അപ്പോൾ പാപത്തിൽ അകപ്പെടാതെ സൂക്ഷിക്കുവാൻ നമുക്കു സാധിക്കും. അങ്ങനെ ചെയ്തെങ്കിൽ മാത്രമേ വിശ്വാസവും ആത്മനിറവും ഉള്ളവരായി നാം കാണപ്പെടുകയുള്ളൂ.

## വാഗ്ദത്തങ്ങളിൽ ആശ്രയിക്കുക

ദൈവം നൽകിയിരിക്കുന്ന വാഗ്ദത്തങ്ങളിൽ ആശ്രയം വെക്കുന്നത് നമ്മുടെ വിശ്വാസത്തിന്റെ പ്രധാനപ്പെട്ട ഒരു തെളിവാണ്. പുതിയനിയമവിശ്വാസികളായ നമുക്ക് ദൈവം തന്നിരിക്കുന്ന വാഗ്ദത്തങ്ങൾ നാം മുഖവിലയ്ക്കുതന്നെ എടുത്ത് അവയനുസരിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ വിശ്വസിക്കുന്നവർക്കുവേണ്ടി വ്യാപരിക്കുന്ന അളവറ്റ ശക്തി ദൈവത്തിൽ നിന്നു നമ്മിലേക്കു വരികയുള്ളൂ.

“മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും” (മത്തായി 6:33) എന്ന വാഗ്ദത്തം പൂർണ്ണമായി വിശ്വസിച്ച് അതിന്റെ അടിസ്ഥാനത്തിൽ ധൈര്യത്തോടെ നാം പ്രവർത്തിക്കണം. അപ്പോൾ നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ജോലി സുവിശേഷഘോഷണവും സൽപ്രവൃത്തികളിലൂടെ ദൈവസ്നേഹം മനുഷ്യർക്ക് വെളിപ്പെടുത്തിക്കൊടുക്കുകയുമാണ് എന്ന അവസ്ഥയുണ്ടാകും. ദൈവം നമ്മിലൂടെ തന്റെ ശക്തി വ്യാപരിപ്പിക്കുന്നത് മറ്റുള്ളവർക്കും നമുക്കുതന്നെയും കാണാനിടയാകയും ചെയ്യും.

## വിശ്വാസത്തിന്റെ പരിശോധന

“നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നിങ്ങളെത്തന്നെ പരിശോധിപ്പിൻ; നിങ്ങളെത്തന്നെ ശോധന ചെയ്‌വിൻ” (2 കൊരിന്ത്യർ 13:5) എന്നു നാം വചനത്തിൽ വായിക്കുന്നു. ജീവിതത്തിൽ പരീക്ഷണഘട്ടങ്ങൾ വരുമ്പോഴാണ് വാസ്തവത്തിൽ നാം വിശ്വാസമുള്ളവരാണോ അല്ലയോ എന്നു തെളിയുന്നത്. വിശ്വസിക്കുന്നു എന്നു അവകാശപ്പെടുന്നവരിൽ പലരും വിശ്വസിക്കുന്നവരല്ല എന്നതാണ് സത്യം. പരീക്ഷകൾ ഉണ്ടാകുമ്പോൾ നമ്മുടെ വിശ്വാസം തെളിയിക്കപ്പെടുന്നതിനുള്ള അവസരങ്ങളാണവ എന്നു മനസ്സിലാക്കി നാം പ്രവർത്തിക്കണം.

വിവാഹത്തോടുള്ള ബന്ധത്തിൽ അവിശ്വാസികളുമായി ഇണയില്ലാപ്പിണ കൂടുന്നതിനും ദൈവാരാധനയോടുള്ള ബന്ധത്തിൽ അവിശ്വാസികളോടു ചേർന്നു നടത്തുന്നതിനും പലപ്പോഴും ദൈവമക്കൾ പ്രേരിപ്പിക്കപ്പെടാറുണ്ട്. ആ അവസരങ്ങളിൽ സാഹചര്യസമ്മർദ്ദങ്ങൾക്ക് വഴങ്ങുന്നതു വിശ്വാസം ത്യജിക്കുന്ന പ്രവൃത്തിയാണ്. അങ്ങനെ ചെയ്യുന്നവരിലൂടെ ദൈവത്തിന്റെ അളവറ്റ ശക്തി വ്യാപരിക്കുകയില്ല.

**(തുടരും)**

## STATEMENT

Form IV (See Rule 8)

| | | | |
|---|---|---|---|
| 1. | Place of Publication | : | Kuttur, Real Life, Mamparampil House, Kottekad, Kuttur P.O, Thrissur - 680 013 |
| 2. | Periodicity of Publication | : | Monthly |
| 3. | Printer's Name | : | Sebastian M. V. |
| | Whether Citizen of India | : | Yes |
| | Address | : | Mamparampil House, Kottekad, Kuttur P.O., Thrissur, Kerala - 680 013 |
| 4. | Publisher's Name | : | Sebastian M. V. |
| | Whether Citizen of India | : | Yes |
| | Address | : | same as in 3 |
| 5. | Editor's Name | : | Sebastian M. V. |
| | Whether Citizen of India | : | Yes |
| | Address | : | same as in 3 |

I, Sebastian M. V., hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

**Sebastian M. V.**
(Publisher)

17-03-2020


## മാന്യവായനക്കാരോട്:

**നിങ്ങളുടെ പ്രതികരണങ്ങൾക്കായി ഞങ്ങൾ കാതോർക്കുന്നു. ഞങ്ങളുടെ വായനക്കാരുടെ പക്കൽനിന്നും ലഭിക്കുന്ന വരിസംഖ്യയ്ക്കും സംഭാവനകൾക്കും ഞങ്ങൾ രണ്ടാം സ്ഥാനമാണ് കൊടുക്കുന്നത്. ഒന്നാം സ്ഥാനം നിങ്ങളുടെ പക്കൽനിന്നും ഞങ്ങൾക്കു ലഭിക്കുന്ന പ്രതികരണങ്ങൾക്കാണ്. നിങ്ങളുടെ പ്രതികരണം അനുകൂലമായാലും പ്രതികൂലമായാലും അറിയിക്കുക. അവ മാസികയിൽ പ്രസിദ്ധീകരിക്കുന്നതാണ്. (എഡിറ്റർ)**

# 4 പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*(പുതിയനിയമം വായിക്കുമ്പോൾ നാം കാണുന്ന മരങ്ങൾ, മലകൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവയെക്കുറിച്ചുള്ള ഒരു ആസ്വാദനം)*

## ഒന്നാം ഭാഗം: മരങ്ങൾ

### 3. അത്തിവൃക്ഷം: വഴിയരികിൽ ഉണ്ടായിരുന്നത് (മത്തായി 21:19)

കാട്ടത്തിമരത്തെക്കുറിച്ച് ഒരേയൊരു പരാമർശമേ ബൈബിളിൽ ഉള്ളൂവെങ്കിലും, അത്തിമരത്തെക്കുറിച്ച് പതിനഞ്ചോളം വാക്യങ്ങളുണ്ട്. അത്തിവൃക്ഷത്തെ അടിസ്ഥാനമാക്കി കർത്താവായ യേശുക്രിസ്തു പല കാര്യങ്ങളും പഠിപ്പിച്ചിട്ടുണ്ട്. അത്തരമൊരു സന്ദർഭമാണ് അത്തിയെ 'ശപിച്ച' സംഭവം. മത്തായി 21:18–22 വരെയുള്ള വാക്യങ്ങളിലാണ് നാം അതു വായിക്കുന്നത്.

യേശു വിശന്നിട്ട്, വഴിയരികെ കണ്ട അത്തിവൃക്ഷത്തിന്നടുത്തേക്ക് ചെന്നു. അതിൽ ഇലയല്ലാതെ ഫലമൊന്നും കണ്ടില്ല; അപ്പോൾ കർത്താവ്, "ഇനി നിന്നിൽ ഒരുനാളും ഫലം ഉണ്ടാകാതെ പോകട്ടെ" എന്നു അതിനോടു പറഞ്ഞു. അത്തി ക്ഷണത്തിൽ ഉണങ്ങിപ്പോയി. ഇതു കണ്ട് ആശ്ചര്യപ്പെട്ട ശിഷ്യന്മാരോട്, "വിശ്വസിച്ചുകൊണ്ട് പ്രാർത്ഥനയിൽ എന്തു യാചിച്ചാലും നിങ്ങൾക്ക് ലഭിക്കും" എന്നു യേശു ഉത്തരം പറഞ്ഞു. മത്തായി രേഖപ്പെടുത്തുന്ന കാര്യങ്ങളുടെ ചുരുക്കം ഇത്രയുമാണ്. അതു അത്തിപ്പഴത്തിന്റെ കാലമല്ലായിരുന്നു എന്നൊരു വെളിപ്പെടുത്തൽ മർക്കൊസിന്റെ സുവിശേഷത്തിൽ നമുക്കു കാണാം (11:13).

**യേശു ക്ഷിപ്രകോപിയോ!:** ഹൈന്ദവരുടെ ക്ഷിപ്രകോപികളായ ചില മുനിമാരുടെ കഥ നാം കേട്ടിട്ടുണ്ടല്ലോ. അവർക്കു പെട്ടെന്നു ദേഷ്യം വരും; അപ്പോഴേക്കും അവർ ശപിക്കും. അതു മരമായാലും മനുഷ്യനായാലും അവർക്കു വിരോധമില്ല. പെട്ടെന്നു കോപവും വരും, അപ്പോൾ തന്നെ ശാപവും വരും. അങ്ങനെയൊരു ഒരു ചൂടൻമുനിയുടെ ശാപം നിമിത്തമാണത്രേ ശാകുന്തളത്തിലെ ശകുന്തളയെ ദുഷ്യന്തൻ മറക്കാനിടയായത്. അത്തിമരത്തോടുള്ള നമ്മുടെ കർത്താവിന്റെ ഇടപെടൽ കണ്ടാൽ, നമ്മുടെ കർത്താവും ഈ ക്ഷിപ്രകോപികളായ മുനിമാരുടെ നിലവാരത്തിലേക്ക് താണുപോയില്ലേ എന്നു സംശയിച്ചുപോകാവുന്നതാണ്. പ്രത്യേകിച്ചും,

അത്തിപ്പഴത്തിന്റെ കാലമല്ലാത്ത സമയത്ത്, അത്തിപ്പഴം കണ്ടില്ലെന്ന പേരിൽ ഒരു അത്തിമരത്തെ യേശു ശപിച്ചത് ന്യായമോ?! രാത്രി സൂര്യപ്രകാശം കണ്ടില്ലെന്ന പേരിൽ സൂര്യനെ ശപിക്കുന്നതുപോലെയുള്ള വിവരക്കേടല്ലേ അത്?

**സ്രഷ്ടാവിന്റെ സ്വാതന്ത്ര്യം:** ഹൈന്ദവപുരാണങ്ങളിലെ ചൂടൻമുനിമാരെപ്പോലെയല്ല നമ്മുടെ കർത്താവ്. അവിടുന്ന് സ്രഷ്ടാവാണ്. വല്ലവനും നട്ടുവളർത്തിയ അത്തിവൃക്ഷത്തോടല്ല കർത്താവ് ഇങ്ങനെ പെരുമാറിയത്; പ്രത്യുത താൻ സൃഷ്ടിച്ച അത്തിവൃക്ഷത്തോടാണ്. മാത്രമല്ല, കോപഭ്രാന്ത് മുഴുത്ത് കർത്താവ് അങ്ങനെ പെരുമാറിയതുമല്ല. ചില കാ ര്യങ്ങൾ തന്റെ ശിഷ്യന്മാരെ പഠിപ്പിക്കാൻ വേണ്ടിയാണ് കർത്താവ് അങ്ങനെ ഇടപെട്ടത്. സ്രഷ്ടാവിന്റെ സ്വാതന്ത്ര്യത്തിൽപ്പെട്ട കാര്യങ്ങളാണ് ഇതെല്ലാം. തോട്ടക്കാരൻ തന്റെ തോട്ടത്തിലെ വൃക്ഷങ്ങളോട് തനിക്കു ബോധിച്ചതു പോലെ ഇടപെടുവാൻ അധികാരവും അവകാശവും ഉണ്ടല്ലോ.

**പത്രോസിന്റെ വ്യാഖ്യാനം!:** വാസ്തവത്തിൽ യേശു അത്തിമരത്തോട്, "ഇനി നിന്നിൽ ഒരുനാളും ഫലം ഉണ്ടാകാതെ പോകട്ടെ" എന്നു പറയുക മാത്രമാണ് ചെയ്തത്. യേശു അതിനെ ശപിച്ചു എന്നു രേഖപ്പെടുത്തിയിട്ടില്ല. യേശു ശപിച്ചു എന്നത് പത്രോസിന്റെ വ്യാഖ്യാനമാണ്. "റബ്ബീ, നീ ശപിച്ച അത്തി ഉണങ്ങിപ്പോയല്ലോ" എന്നു പറഞ്ഞത് പത്രോസാണ് (മർക്കൊസ് 11:21). യേശു അത്തിയെ ശപിച്ചു എന്നു നാം പറയുന്നത്, പത്രോസിന്റെ ഈ വാക്കിന്റെ ബലത്തിലാണ്. സ്രഷ്ടാവ് എന്ന നിലയിൽ, കർത്താവ് അത്തിമരത്തിന് കൊടുത്ത വളർച്ച പിൻവലിക്കുകയാണ് കർത്താവ് ചെയ്തത്. അനുഗ്രഹം പിൻവലിച്ചു എന്നർത്ഥം. കൊടുത്ത അനുഗ്രഹം പിൻവലിക്കുന്നതും വെറുതെ ഒന്നിനെ ശപിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്.

**അത്തിപ്പഴത്തിന്റെ കാലമല്ലായിരുന്നു:** അത്തിപ്പഴത്തിന്റെ കാലത്തിൽ, അഥവാ സീസണിൽ, അത്തിമരത്തിൽ അത്തിപ്പഴം കണ്ടില്ലെങ്കിൽ അസ്വസ്ഥതയുണ്ടാവുക സ്വാഭാവികം മാത്രം. എന്നാൽ അത് അത്തിപ്പഴത്തിന്റെ കാലമല്ലായിരുന്നു. ഓഫ്സീസണിൽ കർത്താവ് അത്തിമരത്തോട് ഇങ്ങനെ ചെയ്തത് എന്തുകൊണ്ട് എന്നു ആലോചിച്ച് നമ്മുടെ നെറ്റിയിൽ ചുളിവുകൾ വീഴുക സ്വാഭാവികമാണ്. ഇവിടെ നാം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. "ഇലയുള്ളോരു അത്തിവൃക്ഷം" കണ്ടതുകൊണ്ടാണ് കർത്താവ് അതിൽ അത്തിപ്പഴം പ്രതീക്ഷിച്ചത് (മർക്കൊസ് 11:13). നല്ലപോലെ ഇലയുള്ള അത്തിവൃക്ഷമാണെങ്കിൽ അതിൽ പഴം പ്രതീക്ഷിക്കാം. പഴമുള്ള അത്തിമരങ്ങളേ ഇതുപോലെ ഇലകളുള്ളതായി കാണപ്പെടുകയുള്ളൂ.

അതു അത്തിപ്പഴത്തിന്റെ സീസണല്ലാത്തതുകൊണ്ട്, അതിൽ നിറയെ അത്തിപ്പഴം കർത്താവ് പ്രതീക്ഷിച്ചിട്ടില്ല. സീസൺ തുടങ്ങുന്നതിനു തൊട്ടുമുമ്പോ, സീസൺ കഴിഞ്ഞ ഉടനെയോ ഒരു ഫലവൃക്ഷത്തിൽ രണ്ടോ മൂന്നോ ഫലങ്ങൾ കാണപ്പെടുക സ്വാഭാവികം മാത്രമാണ്. സീസണായാൽ നല്ല

പോലെ ഫലങ്ങൾ ഉണ്ടാവുകയും ചെയ്യും. ഇവിടെ സീസൺ അല്ലാത്ത തുകൊണ്ട്, "വല്ലതും കണ്ടുകിട്ടുമോ എന്നുവെച്ചു ചെന്നു" (...perhaps He would find something on it) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (മർക്കൊസ് 11:13). ആ മരത്തിൽനിന്നും അല്പമെങ്കിലും അത്തിപ്പഴം ലഭിക്കുമെന്നാണ് കർത്താവ് പ്രതീക്ഷിച്ചത്. കാരണം അത്തിപ്പഴം ഉള്ള വൃക്ഷം പോലെ സമൃദ്ധമായ ഇലകളോടുകൂടിയാണ് അത് നിന്നിരുന്നത്.

**കർത്താവിന്റെ സർവജ്ഞാനം?:** ആ അത്തിവൃക്ഷത്തിൽ പഴമി ല്ലെന്ന കാര്യം അറിയാൻ സർവജ്ഞാനിയായ കർത്താവിനു, ആ വൃക്ഷത്തിൽ തിരയാതെ തന്നെ അറിയാൻ കഴിയില്ലേ? അഖിലാണ്ഡത്തെ ചമച്ചവന് എല്ലാം അറിയാം. പക്ഷേ കൂടെയുള്ളവരെ ചിലതു പഠിപ്പിക്കുക എന്നതാണ് ലക്ഷ്യം. ആദാമിനോട് ദൈവം, "നീ എവിടെ? നീ നഗ്നനെന്നു നിന്നോടു ആരു പറഞ്ഞു? ഞാൻ നിന്നോടു കല്പിച്ച വൃക്ഷഫലം നീ തിന്നുവോ?" എന്നിങ്ങനെ ചോദിക്കുന്നതായി നാം ഉല്പത്തിപ്പുസ്തകം മൂന്നാം അദ്ധ്യായത്തിൽ കാണുന്നുണ്ടല്ലോ. ഇതൊന്നും ദൈ വത്തിന് അറിയാതെയല്ല; അവനെക്കൊണ്ടു തന്നെ ഉത്തരം പറയിക്കുകയാണ്. അവൻ ചില കാര്യങ്ങൾ മനസ്സിലാക്കാൻ വേണ്ടി കൂടിയാണത്.

**പാഠങ്ങൾ:** (1) വിശ്വസിച്ചുകൊണ്ട് പ്രാർത്ഥനയിൽ എന്തു യാചിച്ചാലും നിങ്ങൾക്കു ലഭിക്കും (മത്തായി 21:22). എന്നും വച്ച്, ചാടിക്കേറി സാഹസങ്ങൾക്ക് ആരും തുനിയരുത്. ഈ വാക്യത്തിന്റെ ബലത്തിൽ ശവത്തെ ഉയിർപ്പിക്കാൻ വരെ നോക്കി, നാണം കെട്ടുപോയവരുണ്ട്. ഒരു പൊതുവായ പ്രസ്താവനയാണിത് എന്നു ആദ്യമേ നാം മനസ്സിലാക്കുക. ഇതിന് ചില വ്യവസ്ഥകളൊക്കെയുണ്ട്. എല്ലാം ദൈവത്തിന്റെ ഇഷ്ടപ്രകാരമാണല്ലോ നടക്കേണ്ടത്. ഭോഗങ്ങളിൽ ചെലവിടേണ്ടതിനുള്ള വല്ലാതെയുള്ള യാചന (യാക്കോബ് 4:3), ദൈവത്തെ പരീക്ഷിച്ചുകൊണ്ടുള്ള യാചന (മത്തായി 4:7), സംശയത്തോടെയുള്ള യാചന (യാക്കോബ് 1:6) എന്നിങ്ങനെയുള്ളതെല്ലാം തള്ളപ്പെടും.

(2) അഭിനയം വേണ്ട. അത്തിപ്പഴം ഇല്ലാത്ത അത്തിമരം അത്തിപ്പഴം ഉള്ള അത്തിമരം പോലെ കാണപ്പെടരുത്. ഓരോരുത്തരും ഉള്ള അവസ്ഥയിൽ കാണപ്പെട്ടാൽ മതി. അന്യഭാഷ പറഞ്ഞില്ലെങ്കിൽ അതൊരു കുറവാണെന്ന തെറ്റിദ്ധാരണയിൽ, അന്യഭാഷ ലഭിച്ചതായി ആരും അഭിനയിക്കേണ്ടതില്ല. വാസ്തവമായി ലഭിച്ചെങ്കിൽ ആയിക്കോളൂ; ലഭിക്കാത്തത് ലഭിച്ചുവെന്നു കാണിക്കാനായി അഭിനയിക്കരുത്. ദൈവത്തിനതു ഇഷ്ടമല്ല. അനന്യാസ്-സഫീര ദമ്പതികളുടെ അഭിനയത്തിനു കിട്ടിയ ശിക്ഷയും ഈ അത്തിമരത്തിനു കിട്ടിയ ശിക്ഷയും ഏതാണ്ട് ഒരുപോലെയാണ് എന്ന കാര്യം നാം ഓർക്കുക. ഇല മാത്രമല്ല, ഫലം കൂടിയുള്ള അത്തിവൃക്ഷങ്ങളായി നമുക്കു കാണപ്പെടാം. ദൈവം അതിനു നമ്മെ സഹായിക്കട്ടെ.

**(തുടരും)**

# പരിശുദ്ധാത്മാവ്

22

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

## അന്യഭാഷ (തുടർച്ച)

### (3) ഭാഷാവരം എല്ലാകാലത്തും ഉണ്ടാകുമോ?

1 കൊരിന്ത്യർ 13:8 ൽ നാം ഇപ്രകാരം വായിക്കുന്നു. "ഭാഷാവരമോ അതു നിന്നുപോകും." ഭാഷാവരം എല്ലാ കാലത്തും ഉണ്ടാകും എന്നു ബൈബിൾ പറയുന്നില്ല. അതു നിന്നുപോകും എന്നാണ് ഇവിടെ വ്യക്തമാക്കിയിരിക്കുന്നത്. അതുകൊണ്ട് പ്രായോഗികമായ കാര്യം, ഇന്നു ഈ വരം ആർക്കെങ്കിലും വാസ്തവമായി ലഭിച്ചിട്ടുണ്ടോ എന്നു നാം പരിശോധിക്കുക. കാണുന്നില്ലെങ്കിൽ അതു നിന്നുപോയി എന്നു നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ.

ഉദാഹരണമായി പൈപ്പിലെ വെള്ളം തീർന്നുപോകും എന്നു അറിയിപ്പ് ലഭിച്ചു എന്നു കരുതുക. പൈപ്പിലെ വെള്ളം തീർന്നുവോ എന്ന് എങ്ങനെ അറിയാം? പൈപ്പ് തിരിച്ചാൽ പോരേ? വെള്ളം വരുന്നില്ലെങ്കിലോ? വെള്ളം തീർന്നുപോകും എന്ന നേരത്തെ അറിയിപ്പ് ലഭിച്ചിട്ടുള്ളതുകൊണ്ട്, ആ അറിയിപ്പിന്റെ അടിസ്ഥാനത്തിൽ വെള്ളം തീർന്നുപോയി എന്നു നമുക്ക് മനസ്സിലാക്കാമല്ലോ.

ഇതുപോലെത്തന്നെയാണ് ഭാഷവരത്തിന്റെ കാര്യവും. ഭാഷാവരം നിന്നുപോകും എന്ന് അറിയിപ്പുണ്ട്. ഇക്കാലത്ത് ഭാഷാവരമുണ്ടോ? ആർക്കെങ്കിലും ശരിയായ രീതിയിൽ ഭാഷാവരം ഉണ്ടോ എന്നു പരിശോധിക്കൂ. പഠിക്കാതെ പല ഭാഷകൾ പറയാനുള്ള കഴിവ് ആരിലെങ്കിലും നിങ്ങൾ കാണുന്നുണ്ടോ? കഴിഞ്ഞ 32 വർഷത്തിലധികമായി ഞാൻ വിശ്വാസിയാണ്. ഇന്നുവരെ വചനത്തിൽ കാണുന്ന തരം അന്യഭാഷ/ഭാഷാവരം പറയുന്ന ഒരാളെയെങ്കിലും ഞാൻ കണ്ടിട്ടില്ല. ഇതിൽനിന്നും ഞാൻ സ്വാഭാവികമായും ഊഹിക്കുന്നു: ഭാഷാവരം നിന്നുപോയി. ഭാഷാവരം നിന്നുപോകും എന്നു മുന്നറിയിപ്പ് ഉള്ളതിനാലും ഇന്ന് ആരിലും ഭാഷാവരം കാണുന്നില്ലാത്തതിനാലും മറ്റെന്ത് നിഗമനത്തിലാണ് നാം എത്തുക?

### (4) അന്യഭാഷ ആളുകൾക്ക് തിരിച്ചറിയാതെ വരുമോ?

1 കൊരിന്ത്യർ 14:2 "അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല ദൈവത്തോടത്രേ സംസാരിക്കുന്നു; ആരും തിരിച്ചറിയുന്നില്ലല്ലോ." ഈ വാക്യം അന്യഭാഷ സംസാരിക്കുന്നു എന്നവകാശപ്പെടുന്നവരുടെ ഇഷ്ടവാക്യമാണ്. അന്യഭാഷ ആരും തിരിച്ചറിയില്ലെന്ന് ഇവിടെ രേഖപ്പെടുത്തിയി

ട്ടുണ്ട് എന്നും പറഞ്ഞ് അവരുണ്ടാക്കുന്ന കലപിലശബ്ദങ്ങളെ ന്യായീകരിക്കാൻ അവർ ഉത്സാഹിക്കാറുണ്ട്. ആരും തിരിച്ചറിയാത്തതാണ് അന്യഭാഷ എങ്കിൽ, പെന്തെക്കോസ്തുനാളിൽ പറഞ്ഞ അന്യഭാഷ വിവിധ ഭാഷക്കാരായ കേൾവിക്കാർ തിരിച്ചറിഞ്ഞുവല്ലോ എന്നു ഇവർ ചിന്തിക്കുന്നുമില്ല.

14:2 ലെ "ആരും തിരിച്ചറിയുന്നില്ലല്ലോ" എന്നതിലെ "ആരും" എന്നതിന് "ലോകത്തിലെ ആരും" എന്നർത്ഥം വരുന്നില്ല. ലോകത്തിലെ ആർക്കും അന്യഭാഷ മനസ്സിലാവില്ലായെങ്കിൽ പെന്തെക്കോസ്തുനാളിൽ പറഞ്ഞ അന്യഭാഷ ആർക്കും മനസ്സിലാകാൻ പാടില്ലല്ലോ. പക്ഷേ അവിടെ മറിച്ചല്ലേ സംഭവിച്ചത്?

പെന്തെക്കോസ്തുനാളിൽ പറഞ്ഞ അന്യഭാഷയുടെ കാര്യത്തിലും (അപ്പൊ.പ്രവൃ.2) അതു തിരിച്ചറിയാത്ത ചിലരുണ്ടായിരുന്നു. അവരാണ് അന്യഭാഷ കേട്ടിട്ട് പുതുവീഞ്ഞ് കുടിച്ചിരിക്കുന്നു എന്നു പരിഹസിച്ചത് (2:13). അന്യഭാഷ പറഞ്ഞപ്പോൾ അന്യനാട്ടുകാരായ പർത്ഥ്യർക്കും മേദ്യർക്കും ഏലാമ്യർക്കും മനസ്സിലായി. പക്ഷേ ചിലർക്കു അത് തിരിച്ചറിയാൻ കഴിഞ്ഞില്ല. അവർ സ്വന്തനാട്ടുകാരായിരിക്കും എന്നു മനസ്സിലാക്കാമല്ലോ. അവരോട് പത്രൊസ് കാര്യങ്ങൾ വിശദീകരിക്കുന്നത് 2:14 മുതലുള്ള വാക്യങ്ങളിൽ കാണാം.

അപ്പോൾ, കൊരിന്ത്യലേഖനത്തിൽ "ആരും തിരിച്ചറിയുന്നില്ലല്ലോ" എന്നെഴുതിയത് "കൊരിന്തുസഭയിലെ ആരും തിരിച്ചറിയുന്നില്ലല്ലോ" എന്നാണ്. കൊരിന്തുസഭയിൽ അവിടത്തെ മാതൃഭാഷ ഉപയോഗിക്കണം. അതല്ലാതെ അന്യഭാഷ ഉപയോഗിച്ചാൽ കൊരിന്ത്യരിൽ ആരും തിരിച്ചറിയില്ല. കൊരിന്തുസഭയിൽ അന്യഭാഷ പറഞ്ഞാൽ കേൾക്കുന്നവർക്ക് മനസ്സിലാകാത്തതുകൊണ്ടാണ് പൗലൊസ് താഴെപ്പറയുന്ന കാര്യങ്ങൾ എഴുതിയത്.

(1) അന്യഭാഷയിൽ സംസാരിക്കുന്നവൻ തനിക്കുതാൻ ആത്മികവർദ്ധന വരുത്തുന്നു (14:4) (ബാക്കിയുള്ളവർക്ക് പത്ത് പൈസയുടെ പ്രയോജനം ഇല്ലാ എന്നർത്ഥം.)

(2) അന്യഭാഷകളിൽ സംസാരിച്ചുകൊണ്ട് നിങ്ങളുടെ അടുക്കൽ വന്നാൽ നിങ്ങൾക്ക് എന്തു പ്രയോജനം? (14:6) (നിങ്ങൾക്ക് ഒരു പ്രയോജനവും ഇല്ല. കാരണം നിങ്ങൾക്ക് അന്യഭാഷ പറഞ്ഞാൽ മനസ്സിലാവില്ല. അതുകൊണ്ട് നിങ്ങളുടെ അടുത്ത് സ്വന്തഭാഷ സംസാരിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു. 14:19 നോക്കുക)

(3) വ്യാഖ്യാനി ഉണ്ടെങ്കിൽ മാത്രം അന്യഭാഷ സംസാരിക്കാം (14:27,28). (വ്യാഖ്യാനി ഉണ്ടെങ്കിൽ അന്യഭാഷ അയാൾ വ്യാഖ്യാനിച്ചുകൊള്ളും. കൊരിന്ത്യർക്ക് മനസ്സിലാവുകയും ചെയ്യും)

**(തുടരും)**

# യോവേൽ
## (പുസ്തകപഠനം)

12

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**യോവേൽ 2:15**

**"സീയോനിൽ കാഹളം ഊതുവിൻ; ഒരു ഉപവാസം നിയമിപ്പിൻ; സഭാ യോഗം വിളിപ്പിൻ"**

സഭ ഒരുമിച്ചു കൂടണം. അവർ അനുഭവിക്കുന്ന പ്രശ്നങ്ങളെ ഓർത്ത് സഭയായി പ്രാർത്ഥിക്കണം. സീയോനിൽ കാഹളം ഊതി സഭയെ ഒരുമിച്ചു കൂട്ടണം. ഒരുമിച്ചു കൂട്ടിയാൽ പോരാ ഉപവാസം വേണം. അവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ അത്രമാത്രം ഗുരുതരമാണ്. സഭയുടെ ഒരുമനപ്പെട്ടുകൊണ്ടുള്ള പ്രാർത്ഥനയുടെ ആവശ്യകത വെളിപ്പെടുത്തുന്ന ഒരു വാക്യമാണിത്.

ഇന്നും ഇതിനു പ്രസക്തിയുണ്ട്. നാട് ഭരിക്കുന്നവരുടെ സങ്കുചിതമനോഭാവം നിമിത്തവും വർഗ്ഗീയചിന്താഗതികൾ നിമിത്തവും ഇന്ത്യയിലെ ക്രൈസ്തവസഭകൾ പലയിടത്തും ഭീഷണി നേരിടുന്നു. ഇത് ഇന്ത്യയാകെ വ്യാപിക്കുന്ന കാലം അത്രയധികം വിദൂരമല്ലെന്നു തോന്നുന്നു. അത്തരം ഘട്ടങ്ങളിൽ ആയുധമേന്താൻ നമുക്കനുവാദമില്ല. പകരം സഭായോഗം വിളിച്ച്, ഉപവാസം നിയമിച്ച്, അതിനെ നേരിടുവാൻ നമുക്ക് കഴിയണം.

**യോവേൽ 2:16**

**"ജനത്തെ കൂട്ടിവരുത്തുവിൻ; സഭയെ വിശുദ്ധീകരിപ്പിൻ; മൂപ്പന്മാരെ കൂട്ടിവരുത്തുവിൻ; പൈതങ്ങളെയും മുലകുടിക്കുന്നവരെയും ഒരുമിച്ചു കൂട്ടുവിൻ; മണവാളൻ മണവറയും മണവാട്ടി ഉള്ളറയും വിട്ടു പുറത്തുവരട്ടെ?"**

സഭായോഗം വിളിച്ചുകൂട്ടിയാൽ പോരാ. സഭയെ വിശുദ്ധീകരിക്കണം. മൂപ്പന്മാരെയും കുഞ്ഞുങ്ങളെയും ഒരുമിച്ചുകൂട്ടണം. മൂപ്പന്മാർ എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് പ്രായമായ ആളുകൾ (മുതിർന്നവർ) എന്നാണ്. മുതിർന്നവരെയും കുഞ്ഞുങ്ങളെയും അമ്മിഞ്ഞപ്പാൽ കുടിക്കുന്ന ശിശുക്കളെയും ഒരുമിച്ചു കൂട്ടണമത്രേ! പ്രശ്നം അത്ര ഗൗരവമുള്ളതാണ്. യോനയുടെ കാലത്ത് നിനെവെയിൽ ഇത്തരത്തിലുള്ള ഒരു പ്രകടനം നടന്നതായി നമുക്ക് കാണാൻ കഴിയുന്നുണ്ടല്ലോ. (യോനാ 3:7,8). മണവാളനും മണവാട്ടിയും അവരുടെ സന്തോഷം വെട്ടിച്ചുരുക്കണം; സഭായോഗത്തിൽ വരണം.

**യോവേൽ 2:17**

**"യഹോവയുടെ ശുശ്രൂഷകന്മാരായ പുരോഹിതന്മാർ പൂമുഖത്തിന്റെയും യാഗപീഠത്തിന്റെയും മദ്ധ്യേ കരഞ്ഞുംകൊണ്ട്: യഹോവേ നിന്റെ ജനത്തോട് ക്ഷമിക്കേണമേ; ജാതികൾ അവരുടെ മേൽ വാഴുവാൻ തക്കവണ്ണം നിന്റെ അവകാശത്തെ നിന്ദെക്കു ഏല്പിക്കരുതേ; അവരുടെ ദൈവം എവിടെയെന്നു ജാതികളുടെ ഇടയിൽ പറയുന്നതെന്തിന്? എന്നിങ്ങനെ പറയട്ടെ"**

ദൈവസന്നിധിയിൽ അവർ കരയണം. രണ്ടു കാര്യങ്ങൾ പറഞ്ഞ് കരയണം: (1) ഞങ്ങൾ നിന്റെ അവകാശമാണ്. (2) ജാതികളുടെ ഇടയിൽ അങ്ങയുടെ നാമം അപമാനിക്കപ്പെടരുത്. ദൈവം അനർത്ഥത്തെക്കുറിച്ച് അനുതപിക്കുവാൻ മതിയായ പ്രാർത്ഥനയാണിത്. പുരോഹിതന്മാർ മുഴുവൻ സഭയെയും പ്രതിനിധീകരിച്ച് വന്ന് മുന്നിൽ നിന്ന് ഇപ്രകാരം പ്രാർത്ഥിക്കണം.

യിസ്രായേൽമക്കളുടെ മേൽ പകരുമായിരുന്ന ദൈവക്രോധത്തിൽനിന്നും പലപ്പോഴും അവരെ രക്ഷിച്ചത് മോശെയുടെ ഇത്തരത്തിലുള്ള പ്രാർത്ഥനകളാണ്. സങ്കീർത്തനങ്ങളിൽ ഇത്തരത്തിലുള്ള പ്രാർത്ഥനകൾ നമുക്കു കാണാം. അവരുടെ ദൈവം എവിടെ എന്ന് മറ്റുള്ളവർ ദുഷിക്കാൻ ഇടവരരുത് എന്നു പറഞ്ഞ് പുരോഹിതന്മാർ കരഞ്ഞ് പ്രാർത്ഥിക്കണം. ദൈവം തീർച്ചയായും പ്രവർത്തിക്കും.

**(തുടരും)**

**ആശംസകൾ അറിയിക്കാം**

**അടുത്ത മാസം റിയൽ ലൈഫ് വോയ്സ് പ്രസിദ്ധീകരിക്കാൻ ദൈവം അനുവദിച്ചാൽ, അത് 100-ാമത്തെ ലക്കം ആയിരിക്കും. ആശംസകൾ അറിയിക്കാൻ നിങ്ങൾക്കു പ്രേരണയുണ്ടെങ്കിൽ അറിയിക്കുക. വാട്സാപ്, എസ്എംഎസ്, ഈമെയിൽ എന്നിവയിലൂടെ അറിയിക്കുന്നതായിരിക്കും കത്തെഴുതുന്നതിനേക്കാൾ നല്ലത്.**

## സത്യം തേടിയുള്ള അന്വേഷണം

**24 പേജ് മാത്രമുള്ള ഒരു ചെറുപുസ്തകമാണ് ഇത്. അന്വേഷകരായ ആളുകൾക്ക് കൊടുത്താൽ പ്രയോജനപ്പെടും. സുവിശേഷം അറിയിക്കുന്നതെന്തുകൊണ്ട്?, ബൈബിളിന് എന്തു വിശേഷത?, ദൈവവും സാത്താനും ഉണ്ടോ? ഏതാണ് ശരിയായ ദൈവം?.........**

ഈ പുസ്തകം സൗജന്യമാണ്.
ആവശ്യപ്പെടുന്നവർക്ക് ഫ്രീ ആയി അയച്ചുതരും.

**(എഡിറ്റർ)**

# 22 ചോദ്യവും ഉത്തരവും

”

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

? *അപ്പൊ.പ്രവൃ. 9:7 ൽ ശൗലിന്റെ കൂടെ വന്നവർ ശബ്ദം കേട്ടു വെളിച്ചം കണ്ടില്ല. അപ്പൊ.പ്രവൃ. 22:9 ൽ കൂടെ വന്നവർ വെളിച്ചം കണ്ടു. ശബ്ദം കേട്ടില്ല. ഇതു രണ്ടും ഒരു സംഭവമല്ലേ? വ്യത്യാസം എന്താണ്? വ്യക്തമാക്കി തരാമോ?*

**(തോമസ് കുഞ്ഞച്ചൻ, കുളത്തൂപ്പുഴ)**

**മറുപടി:**

നമുക്ക് ആ രണ്ടു ഭാഗവും ഒന്നു താരതമ്യം ചെയ്തു നോക്കാം.

| | |
|---|---|
| “അവനോടുകൂടെ പ്രയാണം ചെയ്ത പുരുഷന്മാർ **ശബ്ദം കേട്ടു എങ്കിലും** ആരെയും കാണാതെ മരവിച്ചു നിന്നു” (9:7) | “എന്നോടുകൂടെയുള്ളവർ വെളിച്ചം കണ്ടു എങ്കിലും **എന്നോടു സംസാരിക്കുന്നവന്റെ ശബ്ദം കേട്ടില്ല**” (22:9) |

ഇക്കാര്യം അപ്പൊസ്തലപ്രവൃത്തികളിൽ മൂന്നു ഭാഗത്താണ് രേഖപ്പെടുത്തിയിരിക്കുന്നത്. 9,22,26 എന്നീ മൂന്നു അദ്ധ്യായങ്ങളാണവ. അവ മൂന്നും താരതമ്യം ചെയ്യുന്നത് നല്ലതാണ്.

ശബ്ദം കേട്ട കാര്യത്തിൽ മാത്രമേ നമുക്കു സംശയിക്കേണ്ടതുള്ളൂ. വെളിച്ചം അവർ കണ്ടിട്ടുണ്ട്. 9:7 ൽ അവർ വെളിച്ചം കണ്ടില്ല എന്ന് ചോദ്യകർത്താവ് എഴുതിയത് ശരിയല്ല. അപ്രകാരം ആ വാക്യത്തിൽ രേഖപ്പെടുത്തിയിട്ടില്ല. “വെളിച്ചം ആകാശത്തിൽനിന്ന് **എന്നെയും എന്നോടുകൂടെ യാത്ര ചെയ്യുന്നവരെയും** ചുറ്റി പ്രകാശിക്കുന്നതു കണ്ടു” എന്നു 26:13 ൽ നാം കാണുന്നുണ്ട്. അപ്പോൾ വെളിച്ചം കൂടെയുള്ളവരും കണ്ടിട്ടുണ്ട്.

9:7 ൽ, ശൗലിന്റെ കൂടെയുള്ള പുരുഷന്മാർ ശബ്ദം കേട്ടു എന്നും, എന്നാൽ 22:9 ൽ അവർ ശബ്ദം കേട്ടില്ല എന്നും രേഖപ്പെടുത്തിയിരിക്കുന്നത് ആശയക്കുഴപ്പം ഉളവാക്കാവുന്നതാണ്.

9:7 പുരുഷന്മാർ ശബ്ദം കേട്ടു

22:9 (പുരുഷന്മാർ) എന്നോടു സംസാരിക്കുന്നവന്റെ ശബ്ദം കേട്ടില്ല

26:14 എബ്രായഭാഷയിൽ എന്നോടു പറയുന്നോരു ശബ്ദം ഞാൻ കേട്ടു.

മൂന്നും കൂടി താരതമ്യം ചെയ്യുമ്പോൾ നമുക്ക് മനസ്സിലാകുന്നത്, ആ

പുരുഷന്മാർ എന്തോ ശബ്ദം കേട്ടിട്ടുണ്ട് എന്നും ശൗലിനോട് എബ്രായഭാഷയിൽ സംസാരിച്ച ശബ്ദം കേട്ടില്ല എന്നുമാണ്. 22:9 ലും 26:14 ലും അത് വ്യക്തമാണ്. ശബ്ദം കേൾക്കുകയും അതേ സമയം തന്നെ ശൗലിനോട് പറഞ്ഞ ശബ്ദം കേൾക്കാതിരിക്കുകയും ചെയ്തു! അതാണ് ഇവിടെ സംഭവിച്ചത്.

യോഹന്നാൻ 12:28,29 ൽ നാം ഇപ്രകാരം വായിക്കുന്നു: “അപ്പോൾ സ്വർഗ്ഗത്തിൽനിന്ന്: ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു; ഇനിയും മഹത്വപ്പെടുത്തും എന്നൊരു ശബ്ദം ഉണ്ടായി. അതു കേട്ടിട്ട് അരികെ നിൽക്കുന്ന പുരുഷാരം ഇടി ഉണ്ടായി എന്നു പറഞ്ഞു. മറ്റു ചിലർ: ഒരു ദൈവദൂതൻ അവനോടു സംസാരിച്ചു എന്നു പറഞ്ഞു” ഇവിടെ കാണുന്ന ആളുകൾ ശബ്ദം കേട്ടുവോ എന്നു ചോദിച്ചാൽ കേട്ടു എന്നാണല്ലോ മറുപടി. എന്നാൽ പറഞ്ഞത് മനസ്സിലായോ എന്നു ചോദിച്ചാലോ? ഇല്ല എന്നായിരിക്കും മറുപടി.

അതുപോലെ, ശൗലിനോടു കൂടെയുണ്ടായിരുന്നവർ എന്തോ ശബ്ദം കേട്ടു. പക്ഷേ കർത്താവ് ശൗലിനോട് മാത്രമായി എബ്രായഭാഷയിൽ സംസാരിച്ചത് അവർ കേട്ടില്ല. ഇങ്ങനെയും ചിന്തിക്കാം: അതായത് അവർ ശബ്ദം കേട്ടു, പക്ഷേ ശൗലിനോട് കർത്താവ് സംസാരിച്ചത് അവർക്ക് വ്യക്തമായില്ല.

**വൈവാഹികം**

വിശ്വസിച്ച് സ്നാനമേറ്റ ഒരു പെൺകുട്ടിക്ക് അനുയോജ്യനായ വരനെ തേടുന്നു. BA (English), Fashion Designing 24/156

**ഫോൺ:** 8907767991, 9809218375

**ഈ നമ്പറുകളിൽ മാത്രം വിളിക്കുക. എഡിറ്ററെ വിളിക്കരുത്**

**വൈവാഹികം**

വിശ്വസിച്ച് സ്നാനമേറ്റ ഒരു യുവാവിന് അനുയോജ്യയായ വധുവിനെ തേടുന്നു. BCom, MBA, Accountant 28/170

**ഫോൺ:** 9400594278

**ഈ നമ്പറിൽ മാത്രം വിളിക്കുക. എഡിറ്ററെ വിളിക്കരുത്**

# ഇമ്മാനുവിന്റെ സംശയങ്ങൾ 30

## എം.വി.എസ്

# എത്ര വയസ്സായി?!

*ഇമ്മാനു ഉൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും സാങ്കല്പികമാണ്*

അവനെക്കൊണ്ട് ഞാൻ തോറ്റു. ആകാശത്തുകൂടെ പോകുന്ന തല്ല് ഹെലികോപ്റ്ററിൽ ചെന്ന് വാങ്ങുന്നവൻ...

സംശയങ്ങളാണ് അവന്റെ മനസ്സു നിറയെ... എന്തിനും ഏതിനും എപ്പോഴും സംശയങ്ങൾ..

എന്റെ മോൻ ഇമ്മാനുവിന്റെ കാര്യമാണ് പറഞ്ഞുവരുന്നത്. നാലാംക്ലാസ്സിൽ പഠിക്കുന്ന ഈ 'മൊതല്' ഉണ്ടാക്കുന്ന പൊല്ലാപ്പുകൾ ചില്ലറയല്ല.

ഇറ്റ്യാനംചേടത്തിയുടെ പിറന്നാളായിരുന്നു ഇന്നലെ. കറ കളഞ്ഞ യാക്കോബായക്കാരത്തിയാണ് ഇറ്റ്യാനംചേടത്തി.

കുളിച്ച്, ഒരുങ്ങി, പുതിയ മുണ്ടും ചട്ടയും ധരിച്ച് ഇറ്റ്യാനംചേടത്തി വന്നപ്പോൾ, കഷ്ടകാലത്തിന് ഇറ്റ്യാനംചേടത്തിയുടെ ആജന്മശത്രുവായ അന്ത്രോസ്ബ്രദർ അവിടെയുണ്ടായിരുന്നു.

"ഇറ്റ്യാനം ഇന്ന് കുളിച്ചു?" അന്ത്രോസ്ബ്രദറിന്റെ വക കമന്റ്.

"അന്ത്രോസേ വെറുതെ ചൊറിയാൻ വരരുത്" ഇറ്റ്യാനം വിരൽചൂണ്ടി മുന്നറിയിപ്പ് കൊടുത്തു.

അന്ത്രോസ്ബ്രദർ വിട്ടുകൊടുക്കാൻ തയ്യാറായില്ല. "ഞാൻ എന്റെ നാവു കൊണ്ട് എനിക്ക് ഇഷ്ടമുള്ളത് പറയും"

"അന്ത്രോസ്ബ്രദറേ, അടങ്ങ്... വെറുതെ സീൻ ഉണ്ടാക്കല്ലേ..." ഞാൻ ഇടയ്ക്ക് കയറിപ്പറഞ്ഞു.

"ഇന്ന് അന്ത്രോസ് എന്തു പറഞ്ഞാലും ഞാൻ തിരിച്ചൊന്നും പറയില്ല. കാരണം ഇന്ന് എന്റെ ജീവിതത്തിലെ ഒരു നല്ല ദിവസമാണ്'' ഇറ്റ്യാനം ചേടത്തി വലിയ സന്തോഷത്തോടെ പറഞ്ഞു.

"എന്താണ് കാരണം?" ചോദ്യം നമ്മുടെ ഇമ്മാനുവിന്റേതായിരുന്നു.

"കാരണം, ഇന്ന് എന്റെ പിറന്നാൾ ആണ്" ഇതും പറഞ്ഞ് ഇറ്റ്യാനംചേടത്തി തെല്ലു നാണത്തോടെ നിന്നു. അന്ത്രോസ്ബ്രദറിനെ ഒളികണ്ണിട്ട് നോക്കുകയും ചെയ്തു.

"ഓ.. ഇന്നാണോ ആ ദുരന്തം നടന്നത്?" അന്ത്രോസ്ബ്രദർ വീണ്ടും പടക്കമെറിഞ്ഞു.

"ദേ, അന്ത്രോസേ..." ഇറ്റ്യാനം ചേടത്തി അത്രയും പറഞ്ഞ് നിർത്തിയതുകൊണ്ട് വീണ്ടും ഒരു യുദ്ധാന്തരീക്ഷം ഒഴിഞ്ഞുമാറിപ്പോയി.

ഇതെല്ലാം കണ്ടുകൊണ്ട് നമ്മുടെ ഇമ്മാനു സന്തോഷത്തോടെ നിൽപ്പുണ്ടായിരുന്നു. രംഗം കൊഴുപ്പുകൂട്ടാനായി അവന്റെ വക ഒരു പ്രയോഗം:

"അന്ത്രോസങ്കിളേ, ഇറ്റ്യാനംചേടത്തിയുടെ ബർത്ഡേ ആയതുകൊണ്ടാണ് ഇറ്റ്യാനംചേടത്തി ക്ഷമിച്ചത്. അല്ലെങ്കിൽ അന്ത്രോസങ്കിളിനെ വലിച്ചുകീറി അടുപ്പിൽ വച്ചേനേ, അല്ലേ ഇറ്റ്യാനംചേടത്തി?"

ഇറ്റ്യാനംചേടത്തിക്ക് അത് 'ക്ഷ' ഇഷ്ടപ്പെട്ടുവെന്നു തോന്നുന്നു.

"അങ്ങനെ പറഞ്ഞുകൊടുക്ക് ഇമ്മാനുക്കുട്ടാ... പിറന്നാളായതുകൊണ്ട് മാത്രം ഇറ്റ്യാനം ഭൂമിയോളം ക്ഷമിക്കും. അല്ലായിരുന്നുവെങ്കിൽ ഇവിടെ ചോരപ്പുഴ ഒഴുകിയേനേ"

അന്ത്രോസ്ബ്രദറിന് കലിയിളകി. പക്ഷേ ഞാൻ വളരെ പാടുപെട്ടാണെങ്കിലും അന്ത്രോസ്ബ്രദറിനെ ശാന്തനാക്കി.

അങ്ങനെ എല്ലാം ഒന്നു തണുത്തു എന്നു ചിന്തിച്ചിരിക്കുമ്പോഴാണ് നമ്മുടെ ഇമ്മാനുവിന്റെ ഒരു സംശയം സകലവും തകിടം മറിച്ചത്.

"ഇറ്റ്യാനംചേടത്തി, ചേടത്തിയുടെ പിറന്നാളായിട്ട് മിഠായി ഒന്നുമില്ലേ?"

"ഉവ്വല്ലോ" എന്നു പറഞ്ഞ് ഒരു ചെറിയ പൊതി ഇറ്റ്യാനംചേടത്തി ഇമ്മാനുവിന്റെ നേരെ നീട്ടി.

ഇത്രയും കഴിഞ്ഞാണ്, ഭൂലോകത്തെ ഇളക്കിമറിക്കും വിധം ഇറ്റ്യാനംചേടത്തി അങ്കക്കലി പൂണ്ട് സംഹാരതാണ്ഡവം ആടുവാൻ ഇടയാക്കിയ ആ സംശയം അവൻ ചോദിച്ചത്.

"ഇറ്റ്യാനംചേടത്തി, ചേടത്തിക്ക് എത്ര വയസ്സായി?"

അങ്ങകലെ പാറമട പൊട്ടിത്തകരുന്ന ശബ്ദം അന്തരീക്ഷത്തിൽ മുഴങ്ങി.

കാറ്റിന്റെ കരുത്തിന്റെ മുമ്പിൽ തോറ്റ് തുന്നം പാടി ഒരു തെങ്ങ് കടപുഴകി വീണു.

ആ വീഴ്ചയുടെ ബഹളത്തിൽ അരികത്തുള്ള മരങ്ങളിലെ പക്ഷികൾ ഭയചകിതരായി ബഹളമുണ്ടാക്കി പറന്നുപോയി.

"എന്താടാ നീ ചോദിച്ചത്?" ഇറ്റ്യാനം ചേടത്തി നിന്നു വിറയ്ക്കുകയായിരുന്നു.

ഇറ്റ്യാനംചേടത്തിയുടെ നാഗവല്ലി വേഷപ്പകർച്ച കണ്ട് ഇമ്മാനു ഭയന്നുപോയി.

ഇറ്റ്യാനം ചേടത്തി അലറി: "നീ എന്താടാ ചോദിച്ചത്?"

ഇമ്മാനുവിനെപ്പോലെ ഞാനും എന്റെ ഭാര്യയും അന്ത്രോസ്ബ്രദറും അന്തം വിട്ട് നോക്കിനിന്നു.

ഉത്തരം പറയാതെ പേടിച്ചുവിറച്ചു നിൽക്കുന്ന ഇമ്മാനുവിന്റെ നേരെ രൂക്ഷമായി നോക്കി, വിരൽ ചൂണ്ടി നിന്ന്, ഇറ്റ്യാനംചേടത്തി കിതയ്ക്കുകയായിരുന്നു.

പെട്ടെന്ന് നടന്നത് മരണവീടുകളിൽ ചില സ്ത്രീകൾ നടത്തുന്ന കലാപരിപാടിയായിരുന്നു.

നെഞ്ചത്ത് നാല് ഇടി. ഇറ്റ്യാനം

ചേടത്തി സ്വന്തം നെഞ്ചത്ത് നാല് ഇടി വച്ച് ഉറക്കെ നിലവിളിച്ചു

"യ്യോ.. ന്റെ പിറന്നാൾ ദിവസം എന്റെ വയസ്സ് ചോദിച്ചൂൂൂ... ഞാനിനി അധികകാലം ജീവിക്കില്ലാാാാ..."

എന്റെ ഭാര്യ ചെന്ന് ഇറ്റ്യാനംചേടത്തിയുടെ കൈ പിടിച്ചു, ശാന്തയാക്കാൻ നോക്കി.

"നമ്മുടെ ഇമ്മാനുവല്ലേ.. അവൻ അറിയാതെ എന്തെങ്കിലും പറഞ്ഞതാകും... ക്ഷമി..." എന്റെ ഭാര്യയുടെ പ്രകടനം.

"ആരെങ്കിലും പിറന്നാൾ ദിവസം വയസ്സ് ചോദിക്വോ?" ഇറ്റ്യാനംചേടത്തി ഇതു പറയുമ്പോൾ കണ്ണുകൾ നിറഞ്ഞുതുളുമ്പി ഒഴുകുകയായിരുന്നു.

"എന്താ പിറന്നാൾദിവസം വയസ്സ് ചോദിക്കാൻ പാടില്ലേ?" ഞാൻ തെല്ല് അമ്പരപ്പോടെ ചോദിച്ചു.

"ഓ... നല്ല തന്ത... ഈ തന്തേടെയാണല്ലോ മോൻ..." ഇറ്റ്യാനംചേടത്തി ചിറി കോട്ടി.

"തന്തേം മോനും അറിഞ്ഞോ, പിറന്നാൾ ദിവസം ആരുടേം വയസ്സ് ചോദിക്കരുത്. അങ്ങനെ ചോദിച്ചാൽ പിന്നെ അവർക്ക് അധികം ആയുസ്സ് ഉണ്ടാവില്ല. ഞാനിപ്പൊ ചാവുല്ലോ..." എന്നു പിറുപിറുത്ത് ഇറ്റ്യാനംചേടത്തി തലയിൽ കയ്യും വച്ച് വീട്ടിലേക്ക് ഓടി.

"ആ കിളവിക്ക് ജീവിച്ചിട്ട് മതിയായിട്ടില്ലത്രേ" അന്ത്രോസ്ബ്രദറിന്റെ ശബ്ദം. അപ്പോഴാണ് കക്ഷി അവിടെ ഉണ്ടായിരുന്ന കാര്യം ഞങ്ങളോർത്തത്. ഇറ്റ്യാനംചേടത്തി ഉറഞ്ഞുതുള്ളിയ നേരത്ത് അന്ത്രോസ്ബ്രദർ മൗനം പാലിച്ചത് എന്തായാലും നന്നായി.

മൂപ്പൻ വന്നപ്പോൾ ഇമ്മാനു ഒറ്റ ശ്വാസത്തിൽ എല്ലാം പറഞ്ഞുകേൾപ്പിച്ചു.

മൂപ്പൻ പറഞ്ഞു: "അന്ധവിശ്വാസങ്ങൾക്ക് ഇവിടെ പഞ്ഞമില്ല. ക്രിസ്ത്യാനികൾ എന്നു അഭിമാനിക്കുന്നവർ പോലും അന്ധവിശ്വാസങ്ങളും കൊണ്ടു നടക്കുന്നു."

"പിറന്നാൾദിവസം വയസ്സു ചോദിക്കാൻ പാടില്ലെന്നാണ് പലരും ചിന്തിക്കുന്നത്. അങ്ങനെ ചോദിച്ചാൽ അവർക്ക് ആയുസ്സ് അധികം ഉണ്ടാവില്ലത്രേ!"

മൂപ്പൻ തുടർന്നു: "എവിട്ന്നാണ് ഈ വക അന്ധവിശ്വാസങ്ങൾ പൊട്ടിപ്പുറപ്പെടുന്നത് എന്നറിഞ്ഞുകൂടാ.. ബൈബിളിലില്ല... ഭഗവത്ഗീതയിലോ രാമായണത്തിലോ ഇല്ല... ഖുറാനിൽ ഇല്ല... പിന്നെ ആരാണ് ഈ വക കാര്യങ്ങൾ എഴുന്നള്ളിക്കുന്നത്?"

"ഇറ്റ്യാനംചേടത്തി ഇങ്ങനെയൊക്കെ ചിന്തിക്കുന്നതിന് അവരെ കുറ്റം പറയാനൊക്കില്ല. കാരണം കിഴക്കോട്ട് തിരിഞ്ഞുനിന്ന് പ്രാർത്ഥിക്കണം എന്ന അന്ധവിശ്വാസം മുറുകെപ്പിടിച്ച് നടക്കുന്ന യാക്കോബായസഭയുടെ കുഞ്ഞാടാണല്ലോ കക്ഷി..."

"പക്ഷേ ദൈവമക്കൾ എന്ന് അഭിമാനിക്കുന്നവരുടെ ഇടയിലും ഇതൊക്കെ ഉണ്ട്.." മൂപ്പൻ നെടുവീർപ്പിട്ടു.

## www.reallifevoice.in

**നമ്മുടെ വെബ്സൈറ്റിൽ ലഭ്യമായ പുസ്തകങ്ങൾ**

1. **തിരുവട്ടാർ കൃഷ്ണൻകുട്ടി:** പ്രസംഗപീഠത്തിലെ ബാലസിംഹം — 17 പേജ് (A4 സൈസ്)
2. **ആഭരണധാരണം:** ബൈബിൾ എന്തു പറയുന്നു? — 75 പേജ് (A4 സൈസ്)
3. **അസത്യസമ്മാർജ്ജനി** — 47 പേജ് (A4 സൈസ്)
4. **മഹാകവി കെ. വി. സൈമൺ** — 95 പേജ് (A4 സൈസ്)
5. **സഭ** (സൺഡേസ്കൂൾ പാഠങ്ങൾ) — 64 പേജ് (A4 സൈസ്)
6. **വിശ്വാസവും സ്നാനവും:** ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു? — 88 പേജ് (A4 സൈസ്)
7. **ഖുർആൻ:** ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ — 18 പേജ് (A4 സൈസ്)
8. **മൂപ്പൻ** — 72 പേജ് (A4 സൈസ്)
9. **മീഖാ** (പുസ്തകപഠനം) — 138 പേജ് (A4 സൈസ്)

# വിശ്വാസവും സ്നാനവും

**ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?**

**Revised Second Edition**

**എം. വി. സെബാസ്റ്റ്യൻ**

**104 പേജുകളുള്ള പുസ്തകം**

**ആവശ്യപ്പെടുന്നവർക്ക് സൗജന്യമായി അയച്ചുകൊടുക്കുന്നു**

REAL LIFE
KOTTEKAD, KUTTUR P. O.
THRISSUR - 680 013

**Phone: 95 44 557 557**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th March 2020

Posted at
Thrissur RMS

**ആനുകാലികം**

## നായയും പാമ്പും മനുഷ്യനും

2020 മാർച്ച് 4 ലെ പത്രങ്ങൾ റിപ്പോർട്ട് ചെയ്ത രണ്ടു വാർത്തകളുടെ തലക്കെട്ട് ഇപ്രകാരമായിരുന്നു

"മുൻ ഹെഡ്മിസ്ട്രസിനെ തെരുവുനായ് കടിച്ചുകൊന്നു"

"അടച്ചുറപ്പില്ലാത്ത വീട്ടിൽ ഉറങ്ങിക്കിടന്ന കുട്ടി പാമ്പുകടിയേറ്റ് മരിച്ചു"

ഹരിപ്പാടും പുത്തൂരിലും (കൊല്ലം) നടന്ന രണ്ടു സംഭവങ്ങളാണിവ. നായുടെ കടിയേറ്റ് കൊല്ലപ്പെട്ട രാജമ്മ എന്ന ഹെഡ്മിസ്ട്രസിനു 87 വയസ്സുണ്ടായിരുന്നു. പാമ്പുകടിയേറ്റു കൊല്ലപ്പെട്ടത് അഞ്ചുവയസ്സു മാത്രം പ്രായമുള്ള ശിവജിത്ത് ആയിരുന്നു. നായയ്ക്കും പാമ്പിനും വിലയും നിലയും ഉള്ള നാടാണ് നമ്മുടേത്. മനുഷ്യനേക്കാൾ ഇവറ്റയുടെ വില ഉയർന്നിരിക്കുന്നു.

എത്ര പേർ കൊല്ലപ്പെട്ടാലും തെരുവുനായയെ ഒന്നും ചെയ്യാൻ പാടില്ല. അപ്പോഴേക്കും ചില മന്ത്രിമാരും, മൃഗസ്നേഹികളും എല്ലാം അലറിവിളിച്ച് വരികയായി! ആളുകൾ കൊല്ലപ്പെടുന്ന കാര്യത്തിൽ മാത്രം ഇവർക്കൊന്നും യാതൊരു നോവുമില്ല. അധികാരത്തിന്റെ മത്തു പിടിച്ച് ചില നരാധമന്മാർ തെരുവുകളിൽ നരനായാട്ട് നടത്തി ചോരക്കളം തീർക്കുമ്പോൾ മൗനികളായി കാണപ്പെടുന്ന പലരും, ഒരു പശു അല്ലെങ്കിൽ പട്ടി അതുമല്ലെങ്കിൽ പാമ്പ് കൊല്ലപ്പെട്ടാൽ സംഹാരതാണ്ഡവമാടുകയായി! ഇതിന്റെ പിന്നിലെ മനഃശാസ്ത്രം എന്താണാവോ, ആവോ?

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V